IV ശ്രദ്ധക്ഷണിക്കൽ

(1) കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ മേഖലയിൽ എൻഡോസൾഫാൻ കീടനാശിനിയുടെ ഉപയോഗം തടയേണ്ടതിന്റെ ആവശ്യകത

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, നിയമസഭ മാത്രമല്ല, മനസ്സാക്ഷി മരവിച്ചിട്ടില്ലാത്ത സകല സംഘടനകളും അടിയന്തിരമായി ഇടപെടേണ്ട ഒരു പ്രശ്നത്തിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ കീടനാശിനിയുടെ പ്രശ്നം അതീവ ഗുരുതരമായിരിക്കുകയാണ്. അമേരിക്ക, ബ്രസീൽ, ജർമ്മനി, സ്വീഡൻ തുടങ്ങിയ 11 ലോക രാഷ്ട്രങ്ങൾ സമ്പൂർണ്ണമായി നിരോധിച്ചതും, മറ്റ് 21 രാഷ്ട്രങ്ങൾ കർശനമായി നിയന്ത്രിച്ചതുമായ മാരകകീടനാശിനിയാണ് എൻഡോസൾഫാൻ. കേരള സർക്കാർ സ്ഥാപനമായ പ്ളാന്റേഷൻ കോർപ്പറേഷൻ കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളിൽ യാതൊരുവിധ നിബന്ധനകളും പാലിക്കാതെ നിർബാധം ഹെലികോപ്ടറുകൾ ഉപയോഗിച്ച് ഏരിയൽ സ്പ്രേ നടത്തിവരികയായിരുന്നു. മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും ഏറ്റവും അപകടകരമാണെന്ന് ലോകരാജ്യങ്ങൾ കണ്ടെത്തിയ കൊടുംവിഷം ഇവിടെ കുടിവെള്ളത്തിലും ശ്വസിക്കുന്ന വായുവിലും മണ്ണിലും ഭക്ഷ്യവസ്തുക്കളിലുമെല്ലാം കലർത്തപ്പെട്ടു. രാസായുധ യുദ്ധത്തിന് ഇരയാക്കിയതിനു സമാനമായ ദുരന്തങ്ങൾ ആണ് ഇത് സൃഷ്ടിച്ചിട്ടുള്ളത്. ഈ ഗ്രാമങ്ങളിൽ എല്ലാംകൂടി 300 പേരുടെ ജീവനാണ് ഇതുവഴി അപഹരിക്കപ്പെട്ടത്. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പെഡ്രെ എന്നുപറയുന്ന ഒരു ചെറിയ ഗ്രാമത്തിൽ മാത്രം 70 പേർ ഇതിനകം മരണപ്പെട്ടിരിക്കുകയാണ്. ക്യാൻസറും ശ്വാസകോസ രോഗങ്ങളും നാഡീവ്യൂഹത്തിലെ തകരാറുകളും അംഗവൈകല്യങ്ങളും ബുദ്ധിമാന്ദ്യവും ഉൾപ്പെടെ ഗുരുതരമായ രോഗങ്ങൾ ബാധിച്ച് ജീവച്ഛവങ്ങളായി മാറിയവർ 800 ഓളം വരും. അതീവഗുരുതരമായ ജനിതകവൈകല്യങ്ങളുമായിട്ടാണ് അവിടത്തെ നവജാതശിശുക്കൾ പിറന്നുവീഴുന്നത്. ഇവ തലമുറകളോളം ആവർത്തിക്കുന്നവയാണ്. വിവിധ പ്രായത്തിലുള്ള കുട്ടികൾ ജീവച്ഛവങ്ങളായി കഴിയുന്ന കാഴ്ച ഹൃദയഭേദകമാണ്. കേരളത്തിലെ എല്ലാ വാർത്താമാധ്യമങ്ങളും വളരെ ശക്തമായിത്തന്നെ ഇക്കാര്യം ഉയർത്തിക്കൊണ്ടുവന്നതാണ്. ഓർഗാനോ ക്ളോറിൻ ഇനത്തിൽപ്പെട്ട, പേറ്റന്റ് കാലാവധി അവസാനിച്ച, എൻഡോസൾഫാൻ എന്ന രാസനാമത്തിലുള്ള കീടനാശിനി, പലതരം ട്രേഡ് നാമങ്ങളിലായി വിവിധ കമ്പനികളിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരികയാണ്. ഈ കീടനാശിനി കാരണമല്ല രോഗങ്ങൾ എന്ന് പ്രചരിപ്പിക്കാൻ ഇവിടെ പര്യടനം നടത്തിയ കേന്ദ്രസംഘം ശ്രമം നടത്തിയ സാഹചര്യത്തിൽ എൻഡോസൾഫാൻ സമ്പൂർണ്ണമായി നിരോധിക്കാൻ സംസ്ഥാന സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം. കേന്ദ്രമന്ത്രി തന്നെ ലോക്സഭയിൽ പരസ്പരവിരുദ്ധമായ പ്രസ്താവനകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതുകൊണ്ട് എൻഡോസൾഫാൻ പരിപൂർണ്ണമായി നിരോധിക്കുമെന്ന് ഉറപ്പുവരുത്തണമെന്ന് സർക്കാരിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വൃദ്ധന്മാരും, സ്ത്രീകളും, യുവാക്കളും മുതൽ പിഞ്ചുകുഞ്ഞുങ്ങൾ വരെ അസാധാരണവും ഭീകരവുമായ രോഗങ്ങൾക്ക് ഇരയായിക്കഴിയുന്ന സ്ഥിതിയിൽ ഒരു രൂപപോലും സർക്കാർ സഹായമായി ഇതുവരെ നൽകിയിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിസ്സഹായരായ ഹതഭാഗ്യരെ കാണാൻ എത്തിച്ചേർന്നതിനെ ജനങ്ങൾ നന്ദിപൂർവ്വം സ്മരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞയാഴ്ച കാസർഗോഡ് സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ കാണാൻ ഗസ്റ്റ്ഹൗസിലെത്തിയ മൂന്ന് കുട്ടികൾക്ക് 10,000 രൂപ സഹായധനം പ്രഖ്യാപിച്ചതും വിസ്മരിക്കുന്നില്ല. പക്ഷേ ഞാൻ ഈ സഭയിൽ പറയുകയാണ് സഞ്ചരിക്കാനോ, അനങ്ങാനോ പോലും കഴിയാത്ത അനേകംപേർ ഈ ഗ്രാമങ്ങളിൽ അക്ഷരാർത്ഥത്തിൽ മരണം കാത്തു കിടക്കുകയാണ്. ആ കന്നട ഗ്രാമങ്ങളിലെ നിഷ്കളങ്കരായ ജനങ്ങൾക്ക്, പ്രശ്നം വാർത്താമാധ്യമങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള കരുത്തില്ല. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലാണ് ഗുരുതരമായ പ്രശ്നങ്ങളുള്ളത്. ഇത് വളരെ മനുഷ്യത്വപരമായ പ്രശ്നമാണ്. സിനിമയിലോ, നോവലിലോ ചിത്രീകരിച്ചുകാണുന്ന ദുരന്തങ്ങൾ, ഭാവനാ ചിത്രങ്ങൾ ഈ സംസ്ഥാനത്തെ ഒരു ജില്ലയിലെ ഗ്രാമത്തിൽ ഇന്ന് വേദനിപ്പിക്കുന്ന യാഥാർത്ഥ്യമായിതീർന്നിരിക്കുകയാണ്. കാസർഗോട്ടെ ജനങ്ങൾ കക്ഷിരാഷ്ട്രീയഭേദമെന്യേ ഉന്നയിക്കുന്ന ആവശ്യം, എൻഡോസൾഫാൻ സമ്പൂർണ്ണമായും അവിടെ നിരോധിക്കണം എന്നുള്ളതാണ്. ഈ ദുരിതബാധിതർക്ക് ചികിൽസയ്ക്കും പുനരധിവാസത്തിനും വേണ്ടി അടിയന്തിരമായി ഫണ്ട് അനുവദിക്കണം. ഈ കാര്യത്തിൽ സർക്കാർ മനുഷ്യത്വപരമായ നിലപാടെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, എൻഡോസൾഫാൻ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് ഈ സഭയിൽ ഇതിനുമുമ്പും പല ചർച്ചകളും നടന്നതാണ്. എൻഡോസൾഫാൻ കാസർഗോഡ് ജില്ലയിലും പ്ളാന്റേഷൻ കോർപ്പറേഷനിലും അവസാനമായി ഉപയോഗിച്ചത് 2001 ഫെബ്രുവരി 1-ാം തീയതിയാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ പ്ളാന്റേഷൻ കോർപ്പറേഷനിലോ, കാസർഗോഡ് ജില്ലയിലോ ആകാശത്തിൽക്കൂടിയോ അല്ലാതെയോ ഇതുവരെ ഉപയോഗിച്ചിട്ടില്ല. ഇതു സംബന്ധിച്ച് പരാതികൾ വന്നതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റി നിയമിതമായതിനുശേഷം, ഗവണ്മെന്റ് ഇതിനെപ്പറ്റി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുകയും തീരുമാനമെടുക്കുന്നതിനു മുമ്പായി നിയമപരമായിട്ടുള്ള നടപടികൾ എന്തൊക്കെ വേണമെന്ന് ആവശ്യപ്പെട്ട് ലാ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം കൂടി കൂട്ടിച്ചേർത്തു. അന്നുമുതൽ മൂന്നു മാസത്തേക്ക് ഗവണ്മെന്റിന് ചെയ്യാവുന്നത് അതുമാത്രമാണ്. പെസ്റ്റിസൈഡ് ആക്ട് പ്രകാരം സംസ്ഥാന ഗവണ്മെന്റിന് ചെയ്യാവുന്നത് ആ ആക്ടിന്റെ 27-ാം വകുപ്പാണ്. ആ വകുപ്പ് പ്രകാരം സംസ്ഥാന ഗവണ്മെന്റിന് ഒരു കമ്മിറ്റിയുടെ അന്വേഷണം നിലവിലിരിക്കെ രണ്ട് മാസക്കാലത്തേക്ക് ഇത് നിർത്തൽ ചെയ്യാം. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ടില്ലായെങ്കിൽ ഒരു മാസംകൂടി നീട്ടാം. അങ്ങനെ മൂന്ന് മാസത്തേക്ക് ഇത് നിർത്തലാക്കാമെന്നുള്ളത് മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

നിയമപരമായി സംസ്ഥാന സർക്കാരിന് ചെയ്യാനുള്ളത്. ഈ ഗവണ്മെന്റ് അതനുസരിച്ച് മൂന്ന് മാസത്തേക്ക് അത് നിർത്തൽ ചെയ്തു. റിപ്പോർട്ട് വരുത്തി അതിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് നടപടികളും എടുത്തു. 1999-ൽ കേന്ദ്ര ഗവണ്മെന്റ് നിയമിച്ച ഒരു കമ്മിറ്റിയിൽ വെള്ളമുള്ള പ്രദേശത്ത് വെള്ളത്തിൽ വീഴത്തക്കവിധത്തിൽ എൻഡോസൾഫാനോ, പെസ്റ്റിസൈഡുകളോ തളിക്കരുത് എന്നുള്ള ഒരു നിർദ്ദേശമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാന്റെ ലേബലിൽ ഇത് എഴുതി ചേർക്കണമെന്നും പറഞ്ഞിരുന്നു. അതുകൊണ്ട് ഈ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നതിനുശേഷം ഗവണ്മെന്റ് ഏരിയൽ സ്പ്രേ സംസ്ഥാനത്തുടനീളം stay ചെയ്തു നിർത്തിവച്ചിട്ടുണ്ട്. നിർത്തിവച്ചതുമാത്രമല്ല പ്ളാന്റേഷൻ കോർപ്പറേഷനും മേലിൽ ഒരു സർക്കാർ ഉത്തരവുണ്ടാകുന്നതുവരെ എൻഡോസൾഫാൻ തളിക്കണ്ട എന്ന് അറിയിച്ചിട്ടുണ്ട് ഇതുവരെ അത് തളിച്ചിട്ടില്ല. കൂടാതെ ഹൈക്കോടതി Endosulphane തളി നിരോധിച്ചിട്ടുണ്ട്. എൻഡോസൾഫാനാണ് ഈ രോഗത്തിന്റെ കാരണമെന്ന് ഈ കമ്മിറ്റികളുടെ റിപ്പോർട്ടുകളൊന്നും തെളിയിച്ചിട്ടില്ല. എന്നാൽപ്പോലും കേന്ദ്ര ഗവണ്മെന്റ് നിയമിച്ച Dubey കമ്മിറ്റി അവരുടേതായിട്ടുള്ള റിപ്പോർട്ടിൽ എൻഡോസൾഫാൻ ഇതിന് കാരണമല്ല എന്ന് വിശദമായി എഴുതിവച്ചിട്ടുപോലും, സംസ്ഥാന ഗവണ്മെന്റ് ഈ രോഗത്തെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവണ്മെന്റ് ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഡോ. രാമനാഥനെക്കൊണ്ട് അന്വേഷിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഇതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതിനും മെഡിക്കൽ എയ്ഡ് കൊടുക്കുന്നതിനുമുള്ള തീരുമാനം എടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ രണ്ട് പ്രാവശ്യം അവിടെ മെഡിക്കൽ ക്യാമ്പ് നടത്തി. മെഡിക്കൽ ക്യാമ്പ് മാത്രമല്ല, രോഗം എന്താണെന്ന് മനസ്സിലാകാഞ്ഞിട്ടുപോലും ..... ആ രോഗത്തിന്റെ അടിസ്ഥാനത്തിൽ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. എപ്പോഴും ഗവൺമെന്റിന് നിയമപരമായിട്ടല്ലാതെ പ്രവർത്തിക്കാൻ പറ്റില്ല. കേന്ദ്ര ഗവണ്മന്റിനോട് ഇത് നിയന്ത്രിക്കാൻ പറയാം. സംസ്ഥാനവ്യാപകമായി ഏരിയൽ സ്പ്രേ ആ ലേബലിൽ മാത്രം വച്ചുകൊണ്ട് ഈ ഗവൺമെന്റ് നിർത്തി വച്ചു. പ്ളാന്റേഷൻ കോർപ്പറേഷനും ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഒരു തുള്ളി എൻഡോസൾഫാൻ പോലും തളിച്ചിട്ടില്ല. തളിക്കണ്ട എന്ന തീരുമാനം അറിയിച്ചിരിക്കുകയാണ്. പിന്നേയും രാഷ്ട്രീയപ്രേരിതമായിട്ടുള്ള ഒരു പ്രചരണം നടത്തണമെങ്കിൽ നടത്താം. അതിൽക്കൂടുതൽ എനിക്ക് ഈ Rule 62-നെപ്പറ്റി പറയാനില്ല. ആ പ്രദേശത്ത് കുറേ രോഗങ്ങളുണ്ട്. അവിടത്തെ ജനങ്ങളോട് ഗവണ്മെന്റിന് അനുകമ്പയുണ്ട്. വേണ്ടതായിട്ടുള്ള നടപടികളും ചികിൽസാ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ ഈ ഗവണ്മെന്റ് ഉത്തരവുകൊടുത്ത് വൈദ്യ സഹായം ചെയ്ത് കൊടുക്കുന്നു. മറ്റു ചെയ്യാവുന്ന സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്യും. കേന്ദ്ര ഗവണ്മെന്റിനെക്കൊണ്ട് നിരോധിപ്പിക്കണമെങ്കിൽ ഈ പ്രക്ഷോഭണം അങ്ങോട്ട് തിരിച്ചുവിടട്ടെ. അതാണ് ചെയ്യേണ്ടത്. ഇപ്പോൾ High Court നിരോധനം നിലനിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : ഇവിടെ ഉന്നയിച്ച രണ്ട് പ്രശ്നങ്ങളിൽ ഒന്ന്, അവരുടെ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞു എന്നുപറഞ്ഞു. ഇന്നലെവരെ ഒരു രൂപ പോലും ഈ ചികിൽസാ സഹായമായിട്ട് സർക്കാർ നൽകിയിട്ടില്ല. ഇത് രാഷ്ട്രീയമായിട്ടുമാത്രം പറയുന്നതല്ല. ഇതിൽ രാഷ്ട്രീയ പ്രശ്നമില്ല. കാസർഗോഡ് ജില്ലയിലെ കാര്യത്തിൽ ജനങ്ങൾ ഒറ്റക്കെട്ടാണ്. അതുകൊണ്ട് ഞാൻ പറയുന്നത് മന്ത്രിമാരുൾപ്പെടെയുള്ളവർ അവിടെ സന്ദർശിക്കണമെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിൽക്കണ്ടതാണ്. അദ്ദേഹം ഇതിനൊരു മറുപടി പറയണം. ചികിൽസാ സഹായത്തിന് നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഒരു മറുപടി പറയണം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഒരു പൈസയും ചെലവാക്കിയിട്ടില്ല എന്ന് എങ്ങനെ പറയും. രണ്ട് മെഡിക്കൽ ക്യാമ്പ് കഴിഞ്ഞു. ആ മെഡിക്കൽ ക്യാമ്പിൽ വന്നവർക്ക് ചികിൽസ നടത്തി. സഹായം ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുന്നു. ഈ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ, എനിക്ക് ഗവണ്മെന്റിൽനിന്നും കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പറയുകയാണ്. ആ കമ്മിറ്റി അപ്പോയിന്റ് ചെയ്ത ഗവണ്മെന്റിന്റെ മനുഷ്യത്വമില്ലാത്ത ആളുകളാണ് അപ്പുറത്തിരിക്കുന്നത്. അന്ന് അത് നിരോധിക്കാൻ പറഞ്ഞപ്പോൾ ആശുപത്രിയിൽപ്പോയി ചികിൽസിക്കാൻ പറഞ്ഞ ആളുകളുടെ പാർട്ടിക്കാരാണ് ഇവർ. എന്നിട്ടാണ് ഇങ്ങോട്ടുനോക്കി ഇതൊക്കെ പറയുന്നത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രോഗമുണ്ട്. എന്താണ് രോഗകാരണമെന്ന് ഇതുവരെ തെളിയിച്ചിട്ടില്ല. എങ്കിലും കേരളത്തിലെ ഏത് ഭാഗത്ത് രോഗം വന്നാലും ചികിൽസിക്കുന്നതുപോലെതന്നെ ഇവരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള നടപടികൾ എടുക്കും. മുഖ്യമന്ത്രി എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് തീർച്ചയായിട്ടും ചെയ്തുകൊടുക്കാനും ഗവണ്മെന്റ് തയ്യാറാണ്.

(2) കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ വിശ്വാസ്യത വീണ്ടെടുക്കാൻ നടപടി

ശ്രീ. കെ. സി. വേണുഗോപാൽ : സർ, വളരെയേറെ ഗൗരവതരമായ ഒരു പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരള പബ്ളിക് സർവ്വീസ് കമ്മീഷനെക്കുറിച്ച് സമീപകാലത്ത് അതിവഗുരുതരമായ ആക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരുടെ ഏക ആശാകേന്ദ്രമായ പബ്ളിക് സർവ്വീസ് കമ്മീഷൻ ഇന്ന് വലിയ ക്രമക്കേടുകളുടേയും ഗുരുതരമായ വ്യത്തികേടുകളുടേയും കേന്ദ്രമായി മാറിയിരിക്കുകയാണ്. പരീക്ഷാ ചോദ്യപേപ്പർ ചോരുന്നത് നിത്യസംഭവമായി മാറിയിരിക്കുകയാണ്. കഴിഞ്ഞ അര നൂറ്റാണ്ടു കാലഘട്ടത്തിനിടയിൽ ഇത്രയേറെ ആക്ഷേപം സഹിച്ച കാലഘട്ടം പബ്ളിക് സർവ്വീസ് കമ്മീഷനിൽ ഉണ്ടായിട്ടില്ല. കൊല്ലം ജില്ലയിലെ എൽ.ഡി.സി. പരീക്ഷാ ചോദ്യപേപ്പർ ചോർന്നതിന്റെ പിറ്റേ